# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2674 20.06.2013 -ലെ മറുപടിക്ക്.**

**ഹയർ സെക്കന്ററി സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. പി. കെ. അബ്ദുറബ്ബ് (ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതിയിൽ ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്നും പദ്ധതി എന്നേക്ക് നടപ്പിലാക്കാൻ കഴിയും എന്നും അറിയിക്കാമോ ; | (എ) & (ബി) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് 2012 – 2013 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും പദ്ധതി നടത്തിപ്പിൽ മതിയായ തയ്യാറെടുപ്പുകൾ കൂടുതൽ ആവശ്യമായതിനാൽ 2012–2013 ൽ പദ്ധതി നടപ്പാക്കണ്ട എന്ന് സർക്കാർ തീരുമാനിക്കുകയായിരുന്നു. ഈ തുക സർക്കാർ ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ